**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2915** **14-02-2024 - ൽ മറുപടിയ്ക്ക്**

**പട്ടികവിഭാഗ വിദ്യാർത്ഥികൾക്കായുള്ള വിദ്യാഭ്യാസ സഹായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാർ പട്ടികവിഭാഗ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന വിദ്യാഭ്യാസ സഹായ പദ്ധതികൾ വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ; 2016 മുതൽ ഇതുവരെ പ്രതിവർഷം ഇതിനായി ചെലവഴിച്ച തുക വർഷം തിരിച്ച് വ്യക്തമാക്കാമോ; ഇതിൽ കേന്ദ്രസർക്കാർ വിഹിതമുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | **പട്ടിക ജാതി വകുപ്പ്**<br><br>1. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്<br>2. സ്റ്റേറ്റ് പ്രീ മെട്രിക് സ്കോളർഷിപ്പ് (ലംപ്സം ഗ്രാന്റ് , എഡ്യുക്കേഷൻ എയ്ഡ്, സ്റ്റൈപ്പന്റ്)<br>3. സെൻട്രൽ പ്രീ മെട്രിക് സ്കോളർഷിപ്പ്<br>4. സ്പെഷ്യൽ ഇൻസെന്റീവ് സ്കീം<br>5. ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലെന്റ് സ്കോളർഷിപ്പ്<br>6. ലാപ്ടോപ്പ് സ്കീം<br>7. സ്റ്റെതസ്കോപ്പ് സ്കീം<br>8. പ്രാഥമിക ചെലവുകൾ<br>9. വിദേശ പഠനം<br>10. പാരലൽ കോളേജ്<br><br>പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് എന്നീ പദ്ധതികൾക്കു മാത്രമാണ് 60 ശതമാനം കേന്ദ്ര വിഹിതം ലഭിക്കുന്നത്. കേന്ദ്ര വിഹിതം സംസ്ഥാന സർക്കാരിനു നൽകുന്നില്ല. കേന്ദ്ര സർക്കാർ നേരിട്ട് വിദ്യാർഥികളുടെ അക്കൌണ്ടിലേക്കു നൽകുകയാണ് ചെയ്യുന്നത്.<br><br>ചെലവു വിവരങ്ങൾ **അനുബന്ധം 1** ആയി ചേർക്കുന്നു.<br><br>**പട്ടിക വർഗ്ഗ വകുപ്പ്**<br><br>**1. പ്രീ-മെട്രിക് - സ്കോളർഷിപ്പ് പദ്ധതി**<br><br>നഴ്സറിതലം മുതൽ എസ്.എസ്. എൽ. സി. വരെ പഠനം നടത്തുന്ന കുട്ടികൾക്ക് നൽകുന്ന ലംപ്സം ഗ്രാന്റ് പ്രതിമാസ സ്റ്റൈപെന്റ് എന്നിവ സംബന്ധിച്ച വിവരം **അനുബന്ധം 2** ആയി ചേർക്കുന്നു.<br><br>**2. പ്രീമെട്രിക് -സ്കോളർഷിപ്പ് പദ്ധതി -9, 10 ക്ലാസുകളിൽ (75% കേന്ദ്രാവിഷ്കൃത പദ്ധതി)** |

9,10 ക്ലാസുകളിൽ പഠിക്കുന്നതും കുടുംബ വാർഷിക വരുമാനം 2.5 ലക്ഷത്തിൽ താഴെയുള്ളതുമായ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യം കൂടാതെ കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും നൽകുന്നു. പ്രതിവർഷം 2,250 രൂപ സ്കോളർഷിപ്പ് ഇനത്തിലും 750 രൂപ ബുക്ക്സ് തുടങ്ങിയ പഠനസാമഗ്രികൾ വാങ്ങുന്നതിനും ഗ്രാന്റ് ഇനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 5250 രൂപയും 1000 രൂപയും നൽകുന്നു.

### 3.<u>പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി (75% കേന്ദ്രാവിഷ്കൃത പദ്ധതി)</u>

പട്ടികവർഗ്ഗ വിഭാഗത്തിലെ പത്താം ക്ലാസ്സിന് മുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് "പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് സ്കീം" എന്ന പദ്ധതി മുഖേന വിദ്യാഭ്യാസാനുകൂല്യം വിതരണം ചെയ്തു വരുന്നു. സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുള്ളവർക്ക് സംസ്ഥാന സർക്കാരിന്റെ നിബന്ധനകൾ പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യവും കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുള്ളവർക്ക് ടി സ്കീമിന്റെ കേന്ദ്ര സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള അർഹമായ വിദ്യാഭ്യാസാനുകൂല്യവും നൽകി വരുന്നു.

### 4.<u>വിദേശപഠനത്തിനുള്ള ധനസഹായം</u>

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവകലാശാലകളിൽ പോയി പഠനം നടത്തുന്നതിനുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

### 5. <u>ഇതരസംസ്ഥാന പഠനം</u>

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മറ്റ് സംസ്ഥാനങ്ങളിൽ പഠനം നടത്തുന്നതിനായി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ്മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃതകോഴ്സുകൾ പഠിച്ചു വരുന്നതും കുടുംബവാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ മാർഗ്ഗ രേഖാ നിർദ്ദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് വരുന്നു. കൂടാതെ നാഷണൽ എൻട്രൻസ് ടെസ്റ്റ് വഴി സംസ്ഥാനത്തിന് പുറത്ത് മികച്ച

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും അനുവദിച്ച് വരുന്നു.<br><br>**6, <u>അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി</u>**<br><br>സമർത്ഥരായ പട്ടിക വിഭാഗ വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ അഞ്ചാം ക്ലാസ് മുതലുള്ള തുടർ പഠനത്തിനുള്ള എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. സർക്കാർ എയ്ഡഡ് സ്കൂളുകളിലെ നാലാം ക്ലാസ് വിദ്യാർത്ഥികളെ ഒരു മത്സര പരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് പത്താം ക്ലാസു വരെ സ്കോളർഷിപ്പ് നൽകുകയും ബോധതലം ഉയർത്താൻ സെമിനാർ നടത്തുകയും ചെയ്യുന്നു.<br><br>**7. <u>സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം</u>**<br><br>അക്കാഡമിക് - കലാ-കായിക മത്സരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന ഒരു പദ്ധതിയാണിത്. എസ്.എസ്.എൽ.സി , പ്ലസ് ടു പഠിക്കുന്ന കുട്ടികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ യഥാക്രമം **3000/-** രൂപയും **,** ബിരുദം**,** ബിരുദാനന്തര ബിരുദം എന്നീ പരീക്ഷകളിൽ ഒന്നാം ക്ലാസിൽ പാസ്സാകുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് യഥാക്രമം **4500/-, 6000/-** രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹന സമ്മാനം നൽകി വരുന്നു**.** പ്രീമെട്രിക് -സ്കോളർഷിപ്പ് പദ്ധതി **(9,10** ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ്**)** ക്കും പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് **(**പ്ലാൻ**)** പദ്ധതിക്കും **75%** കേന്ദ്രവിഹിതം ലഭ്യമാകുന്നുണ്ട്**.**<br><br>പ്രസ്തുത പദ്ധതികൾക്കായി **2016** മുതൽ ഇതുവരെ പ്രതിവർഷം ചെലവഴിച്ച തുക വർഷം തിരിച്ച് അനുബന്ധം**. 3** ആയി ചേർക്കുന്നു**.** |
| (ബി) | ഉന്നതവിദ്യാഭ്യാസത്തിന്റെ ഭാഗമായി കേരളത്തിന് പുറത്തും ഇന്ത്യക്കു പുറത്തും പോയി പഠിക്കുവാൻ പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് സഹായം നൽകാറുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; 2016 മുതൽ ഇങ്ങനെ സംസ്ഥാനത്തിന് പുറത്തും വിദേശത്തുമായി പഠനത്തിനു പോയ കുട്ടികൾക്ക് നൽകിയ സഹായവും ഓരോ വർഷവും എത്രപേർക്ക് സഹായം നൽകി എന്നതും വർഷം തിരിച്ച് ലഭ്യമാക്കാമോ? | (ബി) | **<u>പട്ടിക ജാതി വികസന വകുപ്പ്</u>**<br><br>ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാഗമായി കേരളത്തിനു പുറത്തും ഇന്ത്യക്കു പുറത്തും പോയി പഠിക്കുവാൻ പട്ടികജാതി വിദ്യാർഥികൾക്ക് സഹായം നൽകുന്നുണ്ട്.<br><br>സംസ്ഥാനത്തിനകത്തും പുറത്തും പഠിക്കുന്ന അർഹരായ പട്ടികജാതി വിദ്യാർഥികൾക്ക് ഇ-ഗ്രാന്റ്സ് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്കോളർഷിപ്പ് അനുവദിച്ചു വരുന്നുണ്ട്. |

സംസ്ഥാനത്തിന് പുറത്തുള്ള പഠനത്തിനായി സ്കോളർഷിപ്പ് അനുവദിച്ച വിദ്യാർത്ഥികളുടെ എണ്ണവും വിദേശ പഠനത്തിനായി അനുവദിച്ച തുകയുടെ വിശദാംശങ്ങളും **അനുബന്ധം 4** ആയി ചേർക്കുന്നു

**<u>പട്ടിക വർഗ്ഗ വികസന വകുപ്പ്</u>**

സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികൾ നടത്തുന്ന അഖിലേന്ത്യാ തലത്തിലുള്ള പ്രവേശന പരീക്ഷയിലൂടെ മെറിറ്റ് /റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്കും സുതാര്യവും നീതിയുക്തവുമായ രീതിയിൽ മെറിറ്റ് / റിസർവേഷനിൽ സ്പോട്ട് അഡ്മിഷൻ നേടുന്നവർക്കും സംസ്ഥാനത്തിന് പുറത്തുള്ള പഠനത്തിന് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നിലവിൽ അനുവദിച്ചുവരുന്നുണ്ട്. വിശദാംശങ്ങൾ **അനുബന്ധം - 5** ആയി ചേർക്കുന്നു.

വിദേശരാജ്യങ്ങളിലെ മികച്ച യൂണിവേഴ്സിറ്റികളിൽ ഉപരിപഠനം നടത്തുന്നതിന് പരമാവധി 25,00,000/- രൂപ ധനസഹായം നൽകി വരുന്നു. ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് എന്ന പദ്ധതിയിൽ സംസ്ഥാനത്തിനകത്ത് സ്ഥിരതാമസക്കാരായവരും ബിരുദ പഠനത്തിന് 55% മാർക്കിന് മുകളിലുള്ളവരും 35 വയസ്സിനു താഴെ പ്രായം ഉള്ളവരുമായ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ODEPC മുഖേന ഓൺലൈനായി അപേക്ഷ നൽകാവുന്നതാണ്. വിദേശ പഠനത്തിനായി അനുവദിച്ച ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം - 6** ആയി ചേർക്കുന്നു.

പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് മറ്റ് സംസ്ഥാനങ്ങളിൽ പഠനം നടത്തുന്നതിനായി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ്മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾ  പഠിച്ചു വരുന്നതും കുടുംബ വാർഷിക വരുമാനം രണ്ടരലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ മാർഗ്ഗ രേഖാ നിർദ്ദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് വരുന്നു. കൂടാതെ നാഷണൽ എൻട്രൻസ് ടെസ്റ്റ് വഴി സംസ്ഥാനത്തിന് പുറത്ത് മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും അനുവദിച്ച് വരുന്നു. കൂടാതെ സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക്

| | | | |
|---|---|---|---|
| | | | വിദേശത്ത് മികച്ച സർവകലാശാലകളിൽ പോയി പഠനം നടത്തുന്നതിനുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

# Annexure - 1

അനുബന്ധം - പദ്ധതികളുടെ ചെലവു വിവരങ്ങൾ

| Year | Lumpsum Grant | Education Aid | Central PreMatric Comp-I | Central PreMatric Comp-II | Ayyankali Scholarship | Special Incentive | Laptop | Stethescope | Initial Expense | Parallel College |
|---|---|---|---|---|---|---|---|---|---|---|
| 2016-17 | 269905062 | 270416000 | 173730124 | 2094200 | 19772833 | 50030500 | 58036950 | 1722600 | 5010000 | |
| 2017-18 | 274450564 | 584084000 | 175845452 | 1938800 | 20274770 | 52160000 | 58923900 | 2279400 | 4365000 | |
| 2018-19 | 220401345 | 584448000 | 128180539 | 1725000 | 22798204 | 52376930 | 9725000 | 948091 | 1515000 | |
| 2019-20 | 224885100 | 526750000 | 158226738 | 1416000 | 18388824 | 41268701 | 54075000 | 1792965 | 3965000 | 31607997 |
| 2020-21 | 316708175 | 511538000 | 157713000 | 2817000 | 29186993 | 64716500 | 34275000 | 1665964 | 3130000 | 60586718 |
| 2021-22 | 319305500 | 520974000 | 182746250 | 3111000 | 33845728 | 75874500 | 27750000 | 708608 | 3055000 | 47433691 |
| 2022-23 | 319699920 | 533456000 | 73404240 | 860840 | 33360500 | 41057000 | 28486775 | 1602080 | 4185000 | 43106990 |
| 2023-24 | 309936125 | 512294000 | 20126960 | 0 | 29701000 | 51584000 | 0 | 0 | | |

അനുബന്ധം – 2

| ക്രമ നമ്പർ | വിഭാഗം | ലംപ്സം ഗ്രാന്റ് | പ്രതിമാസ സ്റ്റൈപന്റ് |
|---|---|---|---|
| 1. | എൽ. പി. വിഭാഗം. – 1 മുതൽ 4 വരെ | 750/- | 200/- |
| 2. | യു.പി. വിഭാഗം – 5 മുതൽ 7 വരെ | 900/- | 200/- |
| 3. | ഹൈസ്കൂൾ വിഭാഗം | 1000/- | 200/- |

അനുബന്ധം – 3

| വർഷം | പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി (ലക്ഷത്തിൽ) | പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി- 9,10 ക്ലാസുകളിൽ ( കേന്ദ്രാവിഷ്കൃത പദ്ധതി ) (ലക്ഷത്തിൽ) | പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതി(പ്ലാൻ) ( കേന്ദ്രാവിഷ്കൃത പദ്ധതി ) (ലക്ഷത്തിൽ) | പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതി(നോൺ-പ്ലാൻ) (ലക്ഷത്തിൽ | വിദേശപഠനത്തിനുള്ള ധനസഹായം (ലക്ഷത്തിൽ) | അന്യസംസ്ഥാന പഠനം (ലക്ഷത്തിൽ) | അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി (ലക്ഷത്തിൽ) | സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം (ലക്ഷത്തിൽ) |
|---|---|---|---|---|---|---|---|---|
| 2016-17 | 1645.76 | 378.18 | 2500 | 629.96 | | 4.39 | 74.48 | 89.23 |
| 2017-18 | 1647.41 | 348.15 | 290.50 | 601.22 | 19.34 | 4.39 | 56.26 | 98.98 |
| 2018-19 | 1597.6 | 283.28 | 3309.90 | 244.65 | 31.74 | 4.39 | 29.09 | 9.99 |
| 2019-20 | 1501.8 | 231.81 | 3556.56 | 237.85 | 75 | 4.56 | 20.23 | 86.98 |
| 2020-21 | 1641.57 | 305.81 | 2489.11 | 282.03 | 75 | 12.36 | 39.66 | 97.42 |
| 2021-22 | 2020.56 | 229.31 | 3481.42 | 370.20 | 247.86 | 16.22 | 28.71 | 99.21 |
| 2022-23 | 1616.12 | 349.16 | 3269.65 | 506.72 | 324.37 | 5.44 | 20.96 | 98.95 |
| 2023-24 | 1490.15 | 0 | 2900 | 241.71 | 125 | 23.43 | 27.25 | 53 |

<u>അനുബന്ധം . 4</u>

സംസ്ഥാനത്തിനു പുറത്തുള്ള സ്ഥാപനങ്ങളിൽ
സ്കോളർഷിപ്പ് അനുവദിച്ച വിദ്യാർത്ഥികളുടെ വിവരം

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|
| 2016-17 മുതൽ 2021-2022 വരെ | 3010 |
| 2022-23 | 339 |
| 2023-24 | 41 (continuing) |

വിദേശ പഠനത്തിനായുള്ള സ്കോളർഷിപ്പ്

| വർഷം | ചെലവഴിച്ച തുക | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|
| 2016-17 | 0 | 0 |
| 2017-18 | 79,50,473/- | 9 |
| 2018-19 | 74,63,456/- | 5 |
| 2019-20 | 3,18,02,420/- | 21 |
| 2020-21 | 1,53,63,931/- | 17 |
| 2021-22 | 17,97,30,935/- | 105 |
| 2022-23 | 30,28,74,872/- | 227 |
| 2023-24 | 41,14,62,638/- | 289 |

അനുബന്ധം – 5

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനു ള്ള ധനസഹായം |
|---|---|---|
| 2016-17 | 19 | 4,39,133 |
| 2017-18 | 19 | 4,39,133 |
| 2018-19 | 19 | 4,39,133 |
| 2019-20 | 13 | 4,55,737 |
| 2020-21 | 17 | 12,36,140 |
| 2021-22 | 16 | 16,22,106 |
| 2022-23 | 6 | 5,44,600 |
| 2023-24 | 24 | 23,42,790 |

അനുബന്ധം – 6

| **വർഷം** | **വിദ്യാർത്ഥികളുടെ എണ്ണം** | **വിദേശ പഠനത്തിനുള്ള ധനസഹായം (തുക ലക്ഷത്തിൽ)** |
|---|---|---|
| 2016-17 | | |
| 2017-18 | 1 | 19.34 |
| 2018-19 | 1 | 31.74 |
| 2019-20 | 3 | 75 |
| 2020-21 | 3 | 75 |
| 2021-22 | 10 | 247.86 |
| 2022-23 | 14 | 324.37 |
| 2023-24 | 8 | 143.75 |